भारतीय गैर न्यायिक

भारत

पचास रुपये

रु.50

FIFTY RUPEES

Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

BL 379885

## വാടക കരാർ

**02.03.2017** രണ്ടായിരത്തി പതിനേഴ് മാർച്ച് മാസം രണ്ടാം തിയ്യതി എറണാകുളം ജില്ല, ആലുവ താലൂക്ക്, മലയാറ്റൂർ വില്ലേജ്, നടുവട്ടം ദേശത്ത്, പാലമറ്റം ആന്റണി മക്കൾ ബിസിനസ്സ് 45 വയസ്സ് **1. ഡേവീസ്**, 37 വയസ്സ് **2. ജോബി** എന്നിവർ 1-ാംപാർട്ടിയായും

**1-ാംപാർട്ടി : 1. ഡേവീസ്**

**: 2. ജോബി**

**2-ാംപാർട്ടി : ഡെൽവിൻ ഡേവീസ്**

No 37733 | 2.3.17 Rs 50/-
Delwin Davis.
Kokkaden Potta

M. K. JOJO
Vendor No.20
CHALAKUDY

CHALAKUDY

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

BL 379886



തൃശ്ശൂർ ജില്ല, ചാലക്കുടി താലൂക്ക്, പോട്ട വില്ലേജ്, ടി ദേശത്ത്, കോക്കാടൻ ഡേവീസ് മകൻ 25 വയസ്സ് ഡെൽവിൻ ഡേവീസ് 2-ാംപാർട്ടിയായും പരസ്പരം സമ്മതിച്ചെഴുതിയ **വാടക കരാർ.**

**1-ാംപാർട്ടി : 1. ഡേവീസ്**

**: 2. ജോബി**

**2-ാംപാർട്ടി : ഡെൽവിൻ ഡേവീസ്**

No. 37734/2-3-17 Rs50/-
Delwin Davis
Kokkaden Potta

M. K. JOJO
Vendor No.20
CHALAKUDY

SUB TREASURY
27.02.2017
CHALAKUDY

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

BL 379887



1-ാം പാർട്ടിക്ക് സിദ്ധിച്ച് 1-ാംപാർട്ടിയുടെ കൈവശമിരിക്കുന്നതും ചാലക്കുടി കെ. എസ്. ആർ. ടി. സി. റോഡിൽ (റിലയൻസ് സൂപ്പർമാർക്കറ്റിന് എതിർവശം) ഉള്ളതും വൈദ്യുതീകരിച്ചതുമായ മൂന്നു നിലകളിലായി നിർമ്മിച്ച കെട്ടിടത്തിൽ

1-ാംപാർട്ടി : 1. ഡേവീസ്

: 2. ജോബി

2-ാംപാർട്ടി : ഡെൽവിൻ ഡേവീസ്

No 37735 | 2-3-17 Rs50/-
Delwin Davis
Kokkaden Potta

M. K. JOJO
Vendor No.20
CHALAKUDY

CHALAKUDY

भारतीय गैर न्यायिक

पचास रुपये रु.50

भारत

सत्यमेव जयते

INDIA

FIFTY RUPEES Rs.50

INDIA NON JUDICIAL

കേരളം केरल KERALA

BL 379888



First floor ൽ ചാലക്കുടി മുൻസിപ്പാലിറ്റി XX/5B നമ്പ്രായിട്ടുള്ള ഉദ്ദേശം 1350 Sq. feet വിസ്തീർണ്ണമുള്ള കെട്ടിടമുറി ഇന്നു മുതൽ 11 മാസത്തേക്ക് മാസം ഒന്നുക്ക്

1-ാംപാർട്ടി : 1. ഡേവീസ്

: 2. ജോബി

2-ാംപാർട്ടി : ഡെൽവിൻ ഡേവീസ്

M. K. JOJO
Vendor No.20
CHALAKUDY

55,000/- അമ്പത്തയ്യായിരം രൂപ വീതം വാടക നിശ്ചയിച്ച് 2-ാംപാർട്ടിക്ക് **'ട്രാവൽ മെയിറ്റ് സൊല്യൂഷൻ'** എന്ന പേരിൽ ബിസിനസ്സ് നടത്തുന്ന ആവശ്യത്തിലേക്കായി താഴെ പറയുന്ന നിശ്ചയങ്ങൾക്കു വിധേയമായി ഇന്നേ ദിവസം 1-ാംപാർട്ടിയിൽനിന്നും 2-ാംപാർട്ടി വാടകക്കു ഏറ്റു താക്കോൽ സഹിതം കൈവശം വാങ്ങിച്ചിരിക്കുന്നു.

1. വാടക ഉറുപ്പിക 55,000/- അമ്പത്തയ്യായിരം രൂപ എല്ലാ ഇംഗ്ലീഷ് മാസങ്ങളുടേയും 3-ാംതിയ്യതിക്കകം 2-ാംപാർട്ടി 1-ാംപാർട്ടിക്ക് കൊടുത്ത് ബോദ്ധ്യപ്പെടുത്തി ക്രമപ്രകാരം ലക്ഷ്യം വാങ്ങിക്കുകയും വാടക ബാക്കി വച്ചാൽ മര്യാദ പലിശ കൂട്ടി 2-ാംപാർട്ടി 1-ാംപാർട്ടിക്ക് കൊടുക്കേണ്ടതുമാകുന്നു. ഈ വാടക ഏൽപ്പന കരാർ പ്രകാരം ടി കെട്ടിടത്തിൽ ബിസിനസ്സ് നടത്തിയാലും ഇല്ലെങ്കിലും 1-ാംപാർട്ടിക്ക് 2-ാംപാർട്ടി വാടക കൊടുക്കാൻ ബാധ്യസ്ഥനാണ്.
2. കെട്ടിടത്തിന് യാതൊരു നാശനഷ്ടങ്ങൾ വരുത്താതെയും പ്രകൃതഭേതം വരുത്താതെയും കീഴ് വാടകക്കയ്ക്കോ മറ്റോ അന്യകൈവശം കൊടുക്കാതെയും 2-ാംപാർട്ടി നോക്കി സൂക്ഷിക്കേണ്ടതാണ്. 2-ാം പാർട്ടിയുടെ സൂക്ഷമ കുറവിനാൽ കെട്ടിടമുറികൾക്ക് എന്തെങ്കിലും നാശ നഷ്ടങ്ങൾ വന്നാൽ ആയതിന്റെ ചിലവും നഷ്ടവും 2-ാംപാർട്ടി 1-ാംപാർട്ടിക്ക് കൊടുക്കേണ്ടതുമാകുന്നു.
3. ടി കെട്ടിടത്തിന്റെ ഇന്നു വരെയുള്ള എല്ലാ നികുതി കുടിശ്ശികകളും, കറന്റ് ചാർജ്ജ് മുതലായ എല്ലാ ബാധ്യതകളും തീർത്ത് 1-ാംപാർട്ടി 2-ാംപാർട്ടിക്ക് കൊടുക്കേണ്ടതും തുടർന്ന് ടി കെട്ടിടത്തിലേയക്ക് വെള്ളം ഉപയോഗിക്കുന്നതിന്റെ വാട്ടർ ചാർജ്ജ്, ബിൽഡിംഗ് ടാക്സ് എന്നിവയും 1-ാംപാർട്ടി അടക്കേണ്ടതുമാകുന്നു.
4. ഇന്നുമുതൽ 2-ാംപാർട്ടി ടി കെട്ടിടത്തിലേയക്ക് ഉപയോഗിക്കുന്ന കറന്റ് ചാർജ്ജ്, മേൽ പറഞ്ഞ വാടക്കു പുറമെ 2-ാംപാർട്ടി തന്നെ അടച്ചു തീർത്ത് ലക്ഷ്യം 1-ാം പാർട്ടിയെ ബോദ്ധ്യപ്പെടുത്തി കൊടുക്കേണ്ടതുമാകുന്നു.
5. ടി കാലാവുധിക്കോ അതിനുള്ളിലോ 2-ാം പാർട്ടി വാടക ഒഴിയുകയോ 1-ാംപാർട്ടി വാടക ഒഴിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ ഇരുപാർട്ടികളും ഒരു മാസം മുൻപ് നോട്ടീസ് മുഖാന്തിരം അറിയിക്കേണ്ടതാണ്.
6. കെട്ടിടം ഒഴിഞ്ഞു കൊടുക്കുന്ന സമയം വാടക ബാക്കി പലിശ മുതലായതുണ്ടെങ്കിൽ കണക്കു തീർത്തു 2-ാംപാർട്ടി 1-ാംപാർട്ടിക്ക് കൊടുത്തു യാതൊരവകാശ വാദ തർക്കങ്ങളും പറയാതെ 2-ാംപാർട്ടി ചിലവിൽ കെട്ടിടം ഒഴിഞ്ഞു താക്കോൽ 1-ാംപാർട്ടിയെ ഏൽപ്പിച്ചു കൈവശം കൊടുക്കേണ്ടതാകുന്നു.

**1-ാംപാർട്ടി : 1. ഡേവീസ്**

**: 2. ജോബി**

7. ഈ വാടക കരാറിന്റെ ഉറപ്പിലേക്ക് 2,00,000/- രണ്ട് ലക്ഷം രൂപ ഇന്നേ ദിവസം 2-ാം പാർട്ടിയിൽ നിന്നും 1-ാംപാർട്ടിക്ക് കിട്ടി ബോദ്ധ്യം വന്നിട്ടുള്ളതാണ്. വാടക ഏർപ്പാട് അവസാനിപ്പിച്ച് കെട്ടിടമുറി 2-ാംപാർട്ടി ഒഴിഞ്ഞു കൊടുക്കുന്ന സമയം 1-ാംപാർട്ടിക്ക് വരേണ്ടതായ എല്ലാ സംഖ്യകളും തട്ടി കിഴിച്ച് അഡ്വാൻസ് സംഖ്യ പലിശ കൂടാതെ 1-ാംപാർട്ടി 2-ാംപാർട്ടിക്ക് കൊടുക്കേണ്ടതാകുന്നു.

8. നിയമാനുസൃതം എടുക്കേണ്ടതായ എല്ലാവിധ ലൈസൻസുകളും 2-ാംപാർട്ടി ചില വിൽ എടുക്കേണ്ടതും ആയതിന് ആവശ്യമായ രേഖകളിൽ 1-ാംപാർട്ടി ഒപ്പിട്ട് കൊ ടുക്കേണ്ടതുണ്ടെങ്കിൽ ഒപ്പിട്ടു കൊടുക്കാമെന്നും 1-ാംപാർട്ടി സമ്മതിച്ചിരിക്കുന്നു.

9. ടി കെട്ടിട മുറിയിൽ നിയമാനുസൃതമായ ലൈസൻസ് ഇല്ലാതെ യാതൊരു ബിസിനസ്സ് നടത്തുകയില്ലെന്നും,നിയമം മൂലം നിരോധിച്ചിട്ടുള്ള യാതൊരു സാമ ഗ്രഹികളും ടി കെട്ടിടത്തിൽ സൂക്ഷിക്കുകയോ, ഉപയോഗിക്കുകയോ, ബിസിനസ്സ് ചെയ്യുകയില്ലെന്നും അപ്രകാരം നിയമവിരുദ്ധമായ പ്രവർത്തികൾ ചെയ്ത് 1-ാം പാർട്ടിക്ക് യാതൊരു നഷ്ടവും വരുത്തുകയില്ലെന്നും അപ്രകാരം വല്ലതും ഉണ്ടാ യാൽ ആയതിന് 2-ാംപാർട്ടി മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണെന്ന് 2-ാം പാർട്ടി സമ്മതിച്ചിരിക്കുന്നു.

10. കോടതി മുഖേന ടി കെട്ടിടമുറികളിൽ നിന്നും 2-ാംപാർട്ടിയെ ഒഴിപ്പിക്കുന്നതിനോ വാടക ബാക്കി, പലിശ മുതായവ ഈടാക്കുന്നതിനോ ഇട വന്നാൽ ആയതുമൂലം 1-ാംപാർട്ടി നേരിടുന്ന സകല നഷ്ടങ്ങൾക്കും ചിലവുകൾക്കും ഈ കരാറിനു നിയമപ്രകാരം വല്ല മുദ്രസലയും പോരാതെ വന്നാൽ ആയതിനും 2-ാംപാർട്ടി യും 2-ാംപാർട്ടി വക സകല സ്വത്തുക്കളും മേൽ പറഞ്ഞ അഡ്വാൻസു സംഖ്യയും ഒന്നുപോലെ ഉത്തരവാദിയും ചാർജ്ജുമായിരിക്കുന്നതുമാണ്.

11. ഇതിലെ വ്യവസ്ഥകൾ ലംഘിക്കുകയോ, വാടക മുടക്കം വരുത്തുകയോ ചെയ് താൽ കാലാവധി പരിഗണിക്കാതെ 2-ാംപാർട്ടിയെ ഒഴിപ്പിക്കുന്നതിനും മറ്റും നിയമ നടപടികൾ 1-ാംപാർട്ടിക്ക് സ്വീകരിക്കാവുന്നതാണ്.

12. 2-ാംപാർട്ടി ടി കെട്ടിട മുറികളിൽ നടത്തുന്ന ബിസിനസ്സുമായി ബന്ധപ്പെട്ട് ടാക്സ്, ലേബർ, മുതലായവ സംബന്ധമായി വരുന്ന സകല കേസ്സുകൾക്കും ബാദ്ധ്യത കൾക്കും 2-ാംപാർട്ടി മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.

**1-ാംപാർട്ടി : 1. ഡേവീസ്**

**: 2. ജോബി**

**2-ാംപാർട്ടി : ഡെൽവിൻ ഡേവീസ്**

13. മേൽ പറഞ്ഞ കാലാവധിക്കുശേഷം വാടക ഏർപ്പാട് തുടർന്നു കൊണ്ടു പോകുവാൻ ഇരുപാർട്ടികൾക്കും സമ്മതമാണെങ്കിൽ നിലവിലുള്ള വാടകയുടെ 5% വർദ്ധനവോടുകൂടി വാടക കരാർ പുതുക്കി നൽകുവാൻ 1-ാം പാർട്ടി സമ്മതിച്ചിരിക്കുന്നു.
14. ടി കെട്ടിട മുറികളിൽ വരുന്ന റണ്ണിംഗ് മെംയിന്റനൻസ് 2-ാംപാർട്ടിയും Periodical maintenance 1-ാംപാർട്ടിയും ചെയ്യേണ്ടതാകുന്നു.
15. ടി കെട്ടിടമുറികളിൽ നിലവിലുള്ള കണക്റ്റഡ് ലോഡ് കൂട്ടുന്നതിനും 1-ാംപാർട്ടിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഇല്കട്രിസിറ്റി അധിക ഡെപ്പോസിറ്റുകൾ 2-ാംപാർട്ടി അടക്കേണ്ടതാണ്.
16. 1-ാംപാർട്ടിക്കോ ടിയാൻ അധികാരപ്പെടുത്തുന്ന ആൾക്കോ 2-ാംപാർട്ടിക്ക് മുൻകൂർ നോട്ടീസ് നൽകി കെട്ടിടം പരിശോധിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

മേൽപ്രകാരമെല്ലാം നിശ്ചയിച്ചും സമ്മതിച്ചും താഴെ എഴുതുന്ന സാക്ഷികൾ കാണെ ഇതിലും ഫോട്ടോസ്റ്റാറ്റ് കോപ്പിയിലും ഒപ്പിട്ട് അസ്സൽ 1-ാം പാർട്ടിയും കോപ്പി 2-ാം പാർട്ടിയും കൈവശം വച്ചിരിക്കുന്നു.

**1-ാംപാർട്ടി : 1. ഡേവീസ്**

**: 2. ജോബി**

**2-ാംപാർട്ടി : ഡെൽവിൻ ഡേവീസ്**

സാക്ഷികൾ:-

1. Varghese George, Kolapren (H). P.O perambra.
2. Anlan Baby puthussery (H) P.O. Potta

ഈ കരാർ കംപ്യൂട്ടർ പ്രിന്റാകുന്നു.

**1-ാംപാർട്ടി : 1. ഡേവീസ്**

**: 2. ജോബി**

**2-ാംപാർട്ടി : ഡെൽവിൻ ഡേവീസ്**



**Managing Partner**



# Reception Area

**Approx. 1300 sq ft.**




# Operation Section

## Way to Toilet 5 mtr.




# Office Front View